"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

ത.സ്വ.ഭ.വകുപ്പ് - കണ്ണൂർ -ആറളം ഗ്രാമപഞ്ചായത്ത് - വരൾച്ച ദുരിതാശ്വാസം - കുടിവെള്ളം വിതരണത്തിനായി അധികം ചെലവായ തുക തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് അനുമതി നൽകി --ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.2865/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 17/12/2019

പരാമർശം:- 1) സ.ഉ(സാധാ)നം. 500/2019/തസ്വഭവ തീയ്യതി 2/3/2019.

2) ആറളം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 24/09/2019 ലെ 6/179/2019 നമ്പർ തീരുമാനം.

3) ആറളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 14/10/2019 ലെ കത്ത്

## ഉത്തരവ്

കണ്ണൂർ ആറളം ഗ്രാമപഞ്ചായത്തിൽ പട്ടിക വർഗ്ഗ പുനരധിവാസ മേഖല ഉൾപ്പെടുന്ന കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ 2019 ഏപ്രിൽ മാസം മുതൽ ജൂൺ 1 0 വരെ കുടിവെള്ള വിതരണം നടത്തിയ വകയിൽ കരാറുകാരന് ബിൽ പ്രകാരം നൽകേണ്ട തുകയായ 12,06,104/- രൂപയിൽ, പരാമർശം 1 ഉത്തരവു പ്രകാരം അനുവദനീയമായ 11,00,000/- രൂപ അനുവദിച്ചുവെന്നും, ബാക്കി തുകയായ 1,06,104/- രൂപ പഞ്ചായത്തിൽ നിന്നും നൽകുന്നതിന് അനുമതി നൽകണമെന്നും പരാമർശം (3) പ്രകാരം ആറളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആറളം ഗ്രാമപഞ്ചായത്തിൽ കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്തിയതിന് കരാറുകാരന് ബിൽ പ്രകാരം നൽകേണ്ട തുകയായ 12,06,104/- രൂപയിൽ പരാമർശം 1ലെ ഉത്തരവ് പ്രകാരം ഗ്രാമ പഞ്ചായത്തുകൾക്ക് അനുവദനീയമായ 11,00,000/- രൂപ അനുവദിച്ചു കഴിഞ്ഞ സാഹചര്യത്തിൽ, ബാക്കി തുകയായ 1,06,104/- രൂപ (ഒരു ലക്ഷത്തി ആറായിരത്തി നൂറ്റി നാല രൂപ) ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും കരാറുകാരന് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.

പ്രസിഡന്റ്/സെക്രട്ടറി, ആറളം ഗ്രാമപഞ്ചായത്ത്, എടൂർ, പായം പി.ഒ.

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Renuka.

സെക്ഷൻ ഓഫീസർ